"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- തൃശ്ശൂർ- പുത്തൻചിറ ഗ്രാമപഞ്ചായത്ത് - പുത്തൻചിറ ജി എൽ പി എസ് - കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

G.O.(Rt)No.822/2024/LSGD തീയതി,തിരുവനന്തപുരം, 09-05-2024

| | |
|---|---|
| പരാമർശം | 1. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.02.2024 ലെ LSGD/ PD/3257- REV1 നമ്പർ കത്ത്<br>2. ചീഫ് എഞ്ചിനീയറുടെ 19.03.2024 ലെ LSGD/PD/1290/2024-DB7 നമ്പർ കത്ത് |

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ജി .എൽ.പി.എസ് പുത്തൻ ചിറ എന്ന വിദ്യാലയത്തിന്റെ 7/414, 7/416 എന്നീ നമ്പർ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സാക്ഷ്യപത്രം, കാലപ്പഴക്ക സാക്ഷ്യപത്രം, അസിസ്റ്റൻറ് എൻജിനീയർ നൽകിയ ഉപയോഗശൂന്യത സാക്ഷ്യപത്രം, തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച സർവ്വേ റിപ്പോർട്ട്, ടി റിപ്പോർട്ട് അംഗീകരിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാനം, ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് എന്നിവ സഹിതം ലഭ്യമാക്കിയിട്ടുണ്ടെന്ന് പരാമർശം (1) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച വാല്യുവേഷൻ കം സർവ്വേ റിപ്പോർട്ട് പ്രകാരം കെട്ടിടങ്ങളുടെ ആകെ അസറ്റഡ് മൂല്യം ₹7,29,924/- ആണെന്നും ഇതിൽ നിന്ന് ഡിസ്മാന്റലിംഗ് ചാർജ്ജ് ആയ ₹2,45,204/- കിഴിച്ച് പഴയ കെട്ടിടത്തിന്റെ മൂല്യ നിർണ്ണയ തുക ₹4,84,720/- ആണെന്ന് നിർണ്ണയിച്ചിട്ടുണ്ടെന്നും കെട്ടിടങ്ങൾ പൊളിച്ചു പണിയുന്നതിന് എം എൽ എയുടെ പ്രാദേശിക ഫണ്ടിൽ നിന്നും 1 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയും കെട്ടിടങ്ങൾ പൊളിച്ചു പണിയുന്നതിന് അനുമതിയ്ക്കായി പ്രിൻസിപ്പൽ ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3. ഇരിങ്ങാലക്കട ജില്ലാ വിദ്യാഭ്യാസ ഓഫീസർ കെട്ടിടങ്ങൾ പൊളിച്ചുപണിയുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും, നിലവിലുള്ള 31 വർഷം പഴക്കം ഉള്ള കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റൻറ് എൻജിനീയർ അൺഫിറ്റ് സർട്ടിഫിക്കറ്റ് നൽകുകയും, കെട്ടിടം പൊളിക്കുന്നതിനുള്ള ₹4,84,720/- രൂപയുടെ സർവ്വേ റിപ്പോർട്ടിന് തൃശ്ശൂർ എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടെന്നും പുത്തൻചിറ ഗ്രാമ പഞ്ചായത്ത് ഭരണസമിതി യോഗം ടി കെട്ടിടം പൊളിക്കുന്നതിനുള്ള ഡിസ്മാൻറലിംഗ് ചാർജ്ജ് ഉൾപ്പെടുത്തിയ വാലുവേഷനും സർവേ റിപ്പോർട്ടും അംഗീകരിക്കുകയും പ്രസ്തുത സ്കൂൾ കെട്ടിടങ്ങൾ പൊളിച്ച് പുതിയത് പണിയുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതുമാണെന്നും ആയതിനാൽ ടി കെട്ടിടങ്ങൾ പൊളിച്ച്

പണിയുന്നതിന് അനുമതി നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ,(2) എന്നിവയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന പുത്തൻചിറ ജി എൽ പി സ്കൂളിലെ 7/414, 7/416 കെട്ടിട ഭാഗങ്ങൾ പൊളിച്ചു നീക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
DEPUTY SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, പുത്തൻചിറ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (എ& ഇ, ഓഡിറ്റ്), കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Anjaly Devi A G
Date: 09-05-2024 14:22:28